നം. സി.ഇ.ഇ/4050/2016/KEAM 2017/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

## മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനം–2017

## പുതുക്കിയ സംസ്ഥാന റാങ്ക് ലിസ്റ്റുകളും കാറ്റഗറി ലിസ്റ്റുകളും പ്രസിദ്ധീകരിച്ചു

**2017**-ലെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി അപേക്ഷിച്ചിട്ടുള്ളവരും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്ക് നീറ്റ് യു.ജി 2017 ഫലം പ്രവേശന പരീക്ഷാകമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളവരുമായ അപേക്ഷകരുടെ താല്ക്കാലിക സംസ്ഥാന റാങ്ക്ലിസ്റ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee-kerala.org എന്ന വെബ്സൈറ്റിൽ 13.07.2017–ന് പ്രസിദ്ധീകരിച്ചിരുന്നു. ഇതു സംബന്ധിച്ച് പരാതികൾ ഉള്ളവർ 15.07.2017–ന് രാവിലെ 10 മണിയ്ക്കു മുൻപായി അറിയിക്കണമെന്നും നിഷ്കർഷിച്ചിരുന്നു. കൂടാതെ നീറ്റ് യു.ജി ഫലം സമർപ്പിക്കാൻ കഴിയാതിരുന്നവർക്ക് പ്രസ്തുത ഫലം പുതുതായി സമർപ്പിക്കുന്നതിനും 15.07.2017 രാവിലെ 10 മണി വരെ സമയം അനുവദിച്ചിരുന്നു. പുതുതായി നീറ്റ് യു.ജി ഫലം സമർപ്പിച്ചവരെ ഉൾപ്പെടുത്തിക്കൊണ്ടും, താല്ക്കാലിക റാങ്ക് ലിസ്റ്റുകൾ സംബന്ധിച്ചതും, കാറ്റഗറി സംബന്ധിച്ചതുമായ പരാതികൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും തയ്യാറാക്കിയ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിനായുള്ള പുതുക്കിയ സംസ്ഥാന റാങ്ക് ലിസ്റ്റുകളും വിവിധസാമുദായിക സംവരണം / പ്രത്യേക സംവരണം/ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണം എന്നിവയ്ക്ക് അർഹരായ വിദ്യാർത്ഥികളുടെ കാറ്റഗറി ലിസ്റ്റുകളും മേൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പ്രസ്തുത ലിസ്റ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

സംസ്ഥാന റാങ്ക് ലിസ്റ്റുകളിലോ കാറ്റഗറി ലിസ്റ്റുകളിലോ ഉൾപ്പെട്ടിട്ടുണ്ട് എന്നതിനാൽ ഒരു വിദ്യാർത്ഥി പ്രവേശനത്തിന് യോഗ്യത നേടുന്നില്ല. പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസിലെ ക്ലോസ് 6 പ്രകാരമുള്ള യോഗ്യതകൾ പ്രവേശന സമയത്ത് വിദ്യാർത്ഥി നേടിയിരിക്കണം.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
15.07.2017